

# കേരോൽപന്ന ഡിമാന്റ് കുതിക്കുന്ന അമേരിക്കൻ ആഭ്യന്തര വിപണി

**രമണി ഗോപാലകൃഷ്ണൻ**
സി.ഇ.ഒ ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി

**മലയാളിക്ക് നാളികേരം ഗൃഹാതുരതയാണ്. ഏതു നാട്ടിലായാലും മലയാളിയെ നാടുമായി ബന്ധിപ്പിക്കുന്ന പൊക്കിൾക്കൊടി ബന്ധമാണ് നാളികേരം. അൽപം വെളിച്ചെണ്ണയോ, കുറച്ചു നാളികേര ചട്ട്ണിയോ ഇല്ലാത്ത മലയാളി അടുക്കള ഒരു പ്രവാസി സമൂഹത്തിലും ഉണ്ടാവില്ല. അമേരിക്കയിലേക്കു കുടിയേറിയിരിക്കുന്ന മലയാളി കുടുംബങ്ങളുടെ കാര്യവും ഇതു തന്നെ. ഇക്കാരണത്താൽ തന്നെ അമേരിക്കൻ വിപണികളിലും നാളികേര ഉൽപന്നങ്ങൾക്ക് വൻ ഡിമാന്റാണ്. നാളികേര വികസന ബോർഡിൽ ദീർഘകാലം സേവന മനുഷ്ഠിച്ച് വിരമിച്ച ഡോ. രമണി ഗോപാലകൃഷിണൻ, അടുത്ത നാളിൽ നടത്തിയ അമേരിക്കൻ സന്ദർശന വേളയിലെ നാളികേര അനുഭവങ്ങൾ അനുസ്മരിക്കുന്നു.**

കേന്ദ്ര നാളികേര വികസന ബോർഡിൽ നിന്നും 33 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ചപ്പോൾ കേര വൃക്ഷവും അതിനെ ചുറ്റിപ്പറ്റിയുള്ള ഓർമ്മകളും പൂർണ്ണമായി ഇറക്കി വയ്ക്കാനായില്ല. കാരണം സർവ്വീസിലുടനീളം കേര കർഷകരെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെ കുറിച്ചും കേരോൽപന്നങ്ങളുടെ ഔഷധ പോഷക ഗുണങ്ങളെ സംബന്ധിച്ചും ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടതെല്ലാം ഓർമ്മത്തുരുത്തുകളായി മനസ്സിൽ ഇടം പിടിച്ചിരുന്നു.

സർവ്വീസ് വിട്ടപ്പോൾ ആശ്രയമായത് ശുദ്ധമായ വെളിച്ചെണ്ണയുണ്ടാക്കി ജനമദ്ധ്യങ്ങളിലെത്തിക്കാൻ നിയോഗം ലഭിച്ച ഓണാട്ടുകര നാളികേരോത്പാദക കമ്പനിയാണ്. അതിന്റെ മുഖ്യ അധികാരിയായി വീണ്ടും കൽപവൃക്ഷത്തണലിൽ ചേക്കേറി. തുടർന്നിങ്ങോട്ട് വീണ്ടും ലയിച്ചു ചേർന്നതും നാളികേര പെരുമയിൽ. ഓണാട്ടുകര വെളിച്ചെണ്ണയുടെ നറുമണം പരക്കുന്ന അന്തരീക്ഷം മനസ്സിന് കുളിരും കുളിർമ്മയും നൽകി. അങ്ങനെയിരിക്കെയാണ് ഭർത്താവുമൊന്നിച്ച് യു. എസ്. സന്ദർശനത്തിന് അവസരം ലഭിച്ചത്. തികച്ചും വ്യക്തിപരമായ സന്ദർശനം. യു. എസിൽ താമസിക്കുന്ന മകനേയും കുടുംബത്തേയും സന്ദർശിക്കുവാനുള്ള യാത്രയ്ക്കു മുന്നോടിയായി, 23 കിലോഗ്രാം വീതമുള്ള നാലു പെട്ടികൾ നിറച്ചപ്പോൾ മുക്കാൽ പങ്കും ഓണാട്ടുകര കമ്പനിയിലെ ഉൽപന്നങ്ങളുടെ ശേഖരമായിരുന്നു.

















**അമേരിക്കയിൽ ലഭ്യമാകുന്ന ഓരോ ഉൽപന്നങ്ങളും ഗുണമേന്മയിൽ മുൻപന്തിയിലാണ്. അല്ലാത്തവയ്ക്ക് അവിടേയ്ക്ക് പ്രവേശനമില്ല. ഓർഗാനിക് എന്ന ബാനറിന് വളരെ പ്രധാന്യമേറിയിരിക്കുന്നു പുറംരാജ്യങ്ങളിൽ. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് വർദ്ധിച്ചു വരുന്ന അവബോധം കാരണം കീടനാശിനിയുടെയും രാസവസ്തുക്കളുടെയും അവക്ഷിപ്തങ്ങൾ ഇല്ലാത്ത ആഹാരത്തോടാണ് അവർക്ക് മമത.**

അമേരിക്കയിൽ എത്തിച്ചേർന്നപ്പോൾ മുതൽ അവിടുത്തെ ഭീമൻ മാളുകളിൽ ഞങ്ങളെയും കൂട്ടി പോകുന്നതിലായി മകന്റെ ഹരം. ഒപ്പം ഭക്ഷണ വൈവിദ്ധ്യങ്ങളുടെ രുചി ഭേദങ്ങൾ പരിചയപ്പെടുത്താനുള്ള വ്യഗ്രതയും.

എന്നാൽ എന്റെ കണ്ണുകൾ ഉടക്കിയത് മുഴുവൻ കേരോൽപന്നങ്ങൾ നിറഞ്ഞ ഷെൽഫുകളിലായിരുന്നു. വിപണികളിലെല്ലാം വിവിധ രാജ്യങ്ങളിലെ കേരോൽപന്നങ്ങളുടെ വൻ ശേഖരം തന്നെ, കണ്ണും മനസ്സും കുളിർപ്പിക്കുമാറ്. തേങ്ങാപ്പാൽ, തേങ്ങാപ്പാലുൽപന്നങ്ങൾ, കരിക്കിൻ വെള്ളം, വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, തേങ്ങാപ്പീര, തേങ്ങാക്കൊത്ത്, ബർഫി, കാൻഡി എന്നിങ്ങനെ പോകുന്നു ആ നീണ്ട നിര.....

എന്റെ മനസ്സൊന്നു കുളിർത്തു. കൽപവൃക്ഷമേ നീ നിസ്സാരക്കാരനല്ല, സർവ്വ വ്യാപിയും സർവ്വ പ്രദായിനിയും തന്നെ! ഈ ഭൂമിയിലെ ഏറ്റവും ഉപകാരപ്രദമായ വൃക്ഷം ! അവയുടെ പായ്ക്കിംഗുകൾ ഞാൻ സസൂഷ്മം നിരീക്ഷിച്ചു. വിയറ്റ്നാം, തായ്‌ലന്റ്, ഫിലിപ്പീൻസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ ഉൽപന്നങ്ങൾ. ഒപ്പം നമ്മുടെ കൊച്ചുകേരളത്തിന്റെ തനതു കേരോൽപന്നങ്ങളും ഭക്ഷ്യ വിഭവങ്ങളും. കൽപവൃക്ഷത്തിന്റെ വൈവിദ്ധ്യങ്ങൾ അത്ഭുതാവഹം തന്നെ.

ടെക്സസ് എന്ന അമേരിക്കൻ സ്റ്റേറ്റിന്റെ തലസ്ഥാനമായ ഔസ്റ്റിൻ ആയിരുന്നു ഞങ്ങളുടെ താമസസ്ഥലം. ആലപ്പുഴക്കാരനായ വ്യാപാരിയുടെ കടയിൽ കേരളത്തിന്റെ വിവിധ തേങ്ങായുൽപന്നങ്ങളും ശീതീകരിച്ച ഭക്ഷ്യോൽപന്നങ്ങളും ചൂടപ്പം പോലെ വിറ്റഴിയുന്നു. ഒന്നാം സ്ഥാനത്ത് ഡെയിലി ഡിലൈറ്റ് എന്ന ബ്രാൻഡിലെ ഉൽപന്നങ്ങൾ ഉണ്ട്. തേങ്ങാപ്പീര, തേങ്ങാക്കൊത്ത്, തേങ്ങാപ്പാൽ കൂടാതെ മലായാളിയുടെ സ്ഥിരം സസ്യേതര വിഭവങ്ങളെല്ലാം തന്നെ ലഭ്യമാണ്. ടെക്സസിലെ തന്നെ, മലയാളികൾ ധാരാളമുള്ള മറ്റൊരു പ്രവിശ്യയായ ഡാളസ്സിലെ പ്രമുഖ ഷോപ്പിംഗ് മാളുകളും ഞങ്ങൾ സന്ദർശിച്ചു. ഫ്രോസൺ മീൻപീര, കേരളാ ഫിഷ് കറി, ഇടിച്ചക്ക തോരൻ, ചക്കക്കുരു തോരൻ, എരിശ്ശേരി, പച്ചടി, വാഴച്ചുണ്ട് തോരൻ, അവിയൽ, ഉള്ളിതീയൽ എന്നിങ്ങനെ മനസ്സു നിറയ്ക്കുന്ന കാഴ്ച. മനോഹരമായ പായ്ക്കിംഗുകളിൽ ലഭിക്കുന്ന ഫ്രെഷ് ഫ്രോസൺ ഗ്രേറ്റഡ് കോക്കനട്ട് (ചിരകിയ തേങ്ങ) ആണ് അവിടെ മലയാളികളുടെ പാചക ആവശ്യത്തിന്റെ സിംഹ ഭാഗവും നിറവേറ്റുന്നത്.

കെ.എൽ.എഫ്., നിലമേൽ, ഈസ്റ്റേൺ, ബ്രാമിൻസ്, എന്നിവരുടെയെല്ലാം നിരവധി ഉൽപന്നങ്ങൾ ഷെൽഫിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ചമ്മന്തിപ്പൊടി, തേങ്ങാപ്പാൽ ചേർത്ത മട്ടൻ സ്റ്റൂ, ബീഫ് കോക്കനട്ട് ഫ്രൈ, പാവയ്ക്ക തോരൻ, ചീര തോരൻ, മീൻ ബിരിയാണി എന്നിങ്ങനെ കേരളത്തിന്റെ തനതു വിഭവങ്ങൾ.

അമേരിക്കയിൽ ലഭ്യമാകുന്ന ഓരോ ഉൽപന്നങ്ങളും ഗുണമേന്മയിൽ മുൻപന്തിയിലാണ്. അല്ലാത്തവയ്ക്ക് അവിടേയ്ക്ക് പ്രവേശനമില്ല. ഓർഗാനിക് എന്ന ബാനറിന് വളരെ പ്രധാന്യമേറിയിരിക്കുന്നു. പുറംരാജ്യങ്ങളിൽ ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് വർദ്ധിച്ചു വരുന്ന അവബോധം കാരണം കീടനാശിനിയുടെയും രാസവസ്തുക്കളുടെയും അവക്ഷി
























പ്തങ്ങൾ ഇല്ലാത്ത ആഹാരത്തോടാണ് അവർക്ക് മമത. ഓർഗാനിക് ഫുഡ്സ്, ഫംഗ്ഷണൽ ഫുഡ്സ്, ഹെൽത്ത് ഡ്രിങ്ക്സ്, ബ്യൂട്ടി കെയർ പ്രോഡക്ട്സ് എന്നിങ്ങനെ പോകുന്നു, കൂടുതൽ അവസരങ്ങൾ തുറന്നു തരുന്ന കേരോൽപന്ന ശ്രേണി. വിപണന ശൃംഖലയായ കോസ്കോ, ബി മാർട്ട്, ഷോപ്പേഴ്സ്, വെൽമാർട്ട് എന്നിവരെല്ലാം കേരോൽപന്ന വിപണന രംഗത്ത് സജീവമാണ്.

കോവിഡ് 19 മഹാമാരി അമേരിക്കയെ പിടിച്ചു കുലുക്കിയത് തികച്ചും അപ്രതീക്ഷിതമാണല്ലോ. ഈ സാഹചര്യം വിപണിയേയും വിപണനത്തേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടാകാം. എന്നാൽ ഈ വിഷമ ഘട്ടം അമേരിക്കയെ പോലൊരു രാജ്യം തരണം ചെയ്യുമെന്നു തന്നെ പ്രത്യാശിക്കാം. നമ്മുടെ നാട്ടിലെ കേര കർഷകർക്ക് ഈ അവസരം തുറന്നു നൽകുന്ന വാതിൽ ചെറുതല്ല. എന്നാൽ ഗുണമേന്മയിലും പായ്ക്കിംങ്ങുകളുടെ ആകർഷണീയതയിലും യാതൊരു വിട്ടു വീഴ്ചയ്ക്കും നാം തയ്യാറാകാൻ പാടില്ല എന്നതാണ് പ്രധാന കാര്യം.

ഇത്തരുണത്തിൽ നമ്മുടെ കൊച്ചു കേരളത്തിലെ വ്യവസായത്തിന് ചോദ്യ ചിഹ്നമായി വിപണിയിൽ നിലനിൽക്കുന്ന ഭീകരമായ സാമൂഹിക വിപത്ത് മനസ്സിനെ അലോസരപ്പെടുത്തുന്നു. വിവിധ ബ്രാൻഡുകളിൽ വിറ്റഴിയുന്ന വെളിച്ചെണ്ണയിൽ വൻ തോതിൽ മായം കലർത്തിയാണ് വിൽപന നടത്തുന്നത് എന്നറിയുമ്പോഴാണ് മലയാളിയുടെ സാമൂഹ്യ ബോധത്തിനു സംഭവിക്കുന്ന ച്യുതിയുടെ ആഴം മനസ്സിലാകുന്നത്. മാരകമായ പെട്രോളിയം ഉൽപന്നങ്ങൾ, വില കുറഞ്ഞ എണ്ണകൾ, മൃഗക്കൊഴുപ്പുകൾ എന്നിവ കലർത്തിയ പാചകയെണ്ണ നാളികേരത്തിന്റെ പേരിൽ വിപണിയിലെത്തിക്കുമ്പോൾ വൻ ആരോഗ്യ പ്രശ്നങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്നത്. ഇത്തരം ഗുരുതരമായ വഞ്ചനകൾ നിരപരാധികളായ ഉപഭോക്താളുടെ ആരോഗ്യസ്ഥിതിക്ക് ദൂരവ്യാപക പ്രത്യാഘാതങ്ങളാണുണ്ടാക്കുന്നത്. കാൻസർ പോലുള്ള രോഗവുമായി മല്ലടിച്ചു ആശുപത്രിയിൽ കയറി ഇറങ്ങുന്നവരുടെ എണ്ണം ഭയാനകമാം വിധം ഇന്നു വർധിച്ചു വരുന്നു. ഈ കൊച്ചു കേരളത്തിൽ പാചക എണ്ണ മാത്രമല്ലല്ലോ, പാൽ, പച്ചക്കറി, മത്സ്യ മാംസ്യാദികൾ, കറി പൗഡറുകൾ എന്നിവയെല്ലാം കൃത്രിമ പദാർത്ഥങ്ങൾ ചേർത്താണ് നമ്മുടെ കൈകളിൽ എത്തുന്നത്. വെളിച്ചത്തിന്റെ പ്രതീകമായ വെളിച്ചെണ്ണയിൽ പോലും മായം കലർത്തി കൽപവൃക്ഷത്തിനും രാജ്യത്തിനും കളങ്കം വരുത്തിക്കൊണ്ടിരിക്കുകയാണീ കൂട്ടർ. അതുകൊണ്ട് നമ്മുടെ ഉൽപന്നങ്ങൾക്ക് വിശിഷ്യാ കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മയിൽ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്.

വെളിച്ചെണ്ണയിൽ മാത്രം ഊന്നി നിന്നിരുന്ന നമ്മുടെ കേര വ്യവസായം വൈവിദ്ധ്യവത്ക്കരണത്തിലൂടെ ചിറകു വിരിച്ച് പറക്കാൻ തുടങ്ങിയിട്ട് നാളുകൾ അധികമായില്ല. വെളിച്ചെണ്ണ, വിർജിൻ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപാൽപ്പൊടി, തേങ്ങാപ്പാൽ, ചിപ്സ്, സ്ക്വാഷ്, കുക്കീസ്, ഐസ്ക്രീം, ഉരുക്കു വെളിച്ചെണ്ണ, തേങ്ങാവെള്ളം, കരിക്ക്, വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിങ്ങനെ മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വൻ നിര തന്നെ നമുക്കിന്നുണ്ട്. ഇതെല്ലാം അന്യ നാടുകളിൽ ഏറെ പ്രിയപ്പെട്ടവയുമാണ്, വിശിഷ്യാ, മലയാളികളേറെയുള്ള പ്രദേശങ്ങളിൽ.

ഭക്ഷ്യ സുരക്ഷിതത്വം, പോഷക സുരക്ഷിതത്വം എന്നിവയ്ക്കെല്ലാം മലയാളിക്ക് ആശ്രയമാകുന്ന വിളയാണല്ലോ തെങ്ങ്! അതുകൊണ്ട് തന്നെയല്ലേ കേരവൃക്ഷത്തിന് കൽപവൃക്ഷം, സ്വർഗ്ഗത്തിലെ വൃക്ഷം, പ്രകൃതിയുടെ സൂപ്പർ മാർക്കറ്റ്, പ്രകൃതിയുടെ വരദാനം തുടങ്ങിയ വിശേഷണങ്ങൾ ചാർത്തപ്പെട്ടിരിക്കുന്നതും. *ഫോൺ. 9447096553* ■